പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1853**

16.06.2014 ൽ മറുപടിയ്ക്ക്

## രാധയുടെ കൊലപാതകം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ.ടി.ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കോൺഗ്രസ് ഓഫീസിലെ ജീവനക്കാരി രാധയെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | രാധയുടെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കൊലപാതകം നടത്തിയവരെയും സഹായിച്ചവരെയും ഗൂഢാലോചന നടത്തിയവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; അവശേഷിക്കുന്നവർ ആരൊക്കെ; അറസ്റ്റു ചെയ്യപ്പെടാത്തവർ ആരൊക്കെ എന്നിവ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ബഹു. കേരള ഊർജ്ജവകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ബിജുവിനെ ഒന്നാം പ്രതിയും ഷംസുദ്ദീൻ എന്നയാളെ രണ്ടാം പ്രതിയും ആക്കിക്കൊണ്ട് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കൊലപാതകം, ഗൂഢാലോചന നടത്തി ചെയ്തതും സഹായിച്ചവരും മേൽപ്പറഞ്ഞ രണ്ട് പ്രതികളാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. അവശേഷിക്കുന്ന പ്രതികൾ ആരും തന്നെയില്ല. അറസ്റ്റ് ചെയ്യപ്പെടാത്തവർ ആരും തന്നെയില്ല. |
| (സി) | സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയ സംഘത്തിൽ ആരൊക്കെയുണ്ടായിരുന്നു; കൊലപാതകവുമായി ബന്ധപ്പെട്ട് പുറത്തുവന്ന സാഹചര്യ തെളിവുകളെല്ലാം പരിഗണിക്കുകയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (സി) | അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യ ഐ.പി.എസ്.-ന്റെ അന്വേഷണ ചുമതലയുള്ള സംഘത്തിൽ സൂപ്പർവൈസിംഗ് ഓഫീസറായി ഡോ. എ. ശ്രീനിവാസ് ഐ.പി.എസ്., അസിസ്റ്റന്റ് സൂപ്പർവൈസിംഗ് ഓഫീസറായി |

....2

ശ്രീ. വി.കെ. അക്ബർ (എസ്.പി. ട്രാഫിക് നോർത്ത് സോൺ), ഇൻവെസ്റ്റിഗേഷൻ ഓഫീസറായി ശ്രീ. എസ്. ശശിധരൻ, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ഡി.സി.ആർ.ബി. തൃശ്ശൂർ, ശ്രീ. എം.പി. മോഹനചന്ദ്രൻ, ഡി.വൈ.എസ്.പി., ക്രൈംബ്രാഞ്ച് ഒ.സി.ഡബ്ല്യു. മലപ്പുറം, ശ്രീ. അബ്ദുൾ റഷീദ്, സർക്കിൾ ഇൻസ്പെക്ടർ, വാലഞ്ചേരി, മലപ്പുറം എന്നീ ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. കൊലപാതകവുമായി ബന്ധപ്പെട്ട് പുറത്തുവന്ന സാഹചര്യത്തെളിവുകളെല്ലാം പരിഗണിക്കുകയുണ്ടായി.

(ഡി) കേസ്സ് അട്ടിമറിക്കാൻ ശ്രമങ്ങൾ നടന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ?

(ഡി) കേസ് അട്ടിമറിക്കാൻ ശ്രമങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അന്വേഷണ നടപടികളിൽ വീഴ്ചകൾ വരുത്തിയ മുൻ അന്വേഷണ ഉദ്യോഗസ്ഥനെതിരെ (മുൻ നിലമ്പൂർ സർക്കിൾ ഇൻസ്പെക്ടർ) നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ൠ